1




ആരാമം2019

# OUR PATRONS



James Raphel Anaparambil
Bishop of allepy



Rt. Rev. Dr. Stephen Athipozhiyil
Bishop of alleppey

# OUR CORPORATE MANAGER



## Fr. Raju Kalathil

# OUR LOCAL MANAGER



# Fr. RAJAN MENANGADU



## ആശംസ

വിവര സാങ്കേതിക വിദ്യ സാധാരണക്കാർക്ക് പ്രാപ്യമാക്കാൻ വേണ്ടി നാം പ്രയത്നമാരംഭിച്ചിട്ട് ഏകദേശം നാലുപതിറ്റാണ്ടുകൾ പിന്നിടുന്നു. പൊതുവിദ്യാഭാസപ്രക്രിയ ഇപ്പോൾ നൂതന മാർഗ്ഗത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ആയതിനു ആക്കവും മിഴിവും പ്രാഗത്ഭ്യവും നൽകുന്നതിനു നമ്മുടെ കുട്ടികളെത്തന്നെ വ്യക്തമായ കാഴ്ചപ്പാടോടെ പരിശീലിപ്പിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ 2017-2018 അധ്യനവർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് രൂപം നൽകിയ ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ് ചിട്ടയോടെ അതിന്റെ പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്നു എന്നത് ചാരിതാർഥ്യജനകമാണ്.അതിന്റെ മകുടം എന്നോണം ഈ സ്കൂളിൽ രൂപകൽപ്പന ചെയ്യുന്ന ഡിജിറ്റൽ മാഗസിനായ "ആരാമം"അതിന്റെ എല്ലാ സൗകുമാര്യത്തോടും പ്രശോഭിക്കട്ടെ എന്നാശംസിക്കുന്നു

H M

MARGRET JAMES

ST THOMAS HIGH SCHOOL

THUMPOLY.

# സ്തുത്യർഹമായ സേവനത്തിനുശേഷം സെർവിസിൽ നിന്ന് ഈ വർഷം വിരമിക്കുന്ന ഞങ്ങളുടെ പ്രിയ അധ്യാപകർ



<u>ശ്രീമതി ഗ്രിസിൽഡ കെ സേവ്യർ</u>  <u>ശ്രീമതി ഷീല എസ്</u>

## OUR EDITORIAL BOARD

CHIEF EDITORS - SALI M JOSEPH, MINI D

**SUPPORTING EDITORS**

ATHUL SAMSON XA
SHARON XAVIER IXA
ABHIJTH JOSEPH IXC
GEORGE MARY SAY IXA
KEVIN DAVID IXA

## പത്രാധിപക്കുറിപ്പ്

വർണ്ണോജ്ജ്വലവും സുഗന്ധപൂരിതവുമായ പൂക്കളാൽ പ്രശോഭിക്കുന്ന 'ആരാമം' എന്ന ഈ കൊച്ചു ഡിജിറ്റൽ മാഗസിൻ ഏത് കലാസ്വാദകരെയും ആഹ്ലാദിപ്പിക്കാൻ പര്യാപ്തമാണ് എന്ന കാര്യത്തിൽ സംശയമില്ല. ഇവിടുത്തെ കൊച്ചു കലാകാരൻമാരും കലാകാരിമാരും രൂപം നൽകിയ എല്ലാ സൃഷ്ടികളും നമ്മുടെ മനോമുകുരത്തിൽ സായംസന്ധ്യയുടെ കുളിർമ പകരും തീർച്ച

ഈ ചെറിയ സംരംഭത്തിന് അക്ഷീണം പരിശ്രമിച്ച എല്ലാവരെയും അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവർക്കും ഒരു നല്ല കലാഭാവി നേരുന്നു

പത്രാധിപ

സാലി എം ജോസഫ്

# ഉള്ളടക്കം


DISCOVERY OF INDIA — *ALPHONSE SIR*

BEST FRIENDS — *PHILOMINA TR*

പ്രതീക്ഷ — *MEDONA ANGELXB*

നക്ഷത്രം കഥ പറയുന്ന രാത്രി — *ANSELINA IXB*

ഈഭൂമിയെ കൊല്ലരുത് — *shaimol XA*

പ്രളയം — *SHIHABUDDIN XB*

POVERTY IN INDIA CHANGING TRENDS- *NEHA MARIUM VINCENT*

പ്രകൃതിയുടേ രോദനം — *MEDONA ANGEL XB*

കടലിലെ മുത്തുകൾ — *DONA MARIYA IXA*

JEEVANTE VILA — *SHIVANI M BIJU*

SAMMANAM — *LOVEIN JOSEPH K L*

IMPORTANCE OF DISCIPLINE — *AMANTA ANTONY*

AUTOKKARANTE AMMA — *ANASWARA IXA*

MAYILAMMA — *AISWARYA CITUS VIB*

MARIVILLU — *HARSHA JACKSON*

KEREEDAKKOTTARAM — *GEORGE MARY SAY*

PICTURES — *NIKHIL P P IXA*

*SHARON XAVIER IXA*


---

# Discovery of India

*We Set Out The Journey From Alleppy Railway Station On 19th October 2018 By Amritsar _Kochuvelly Express Train,Reached Nizamudin Railway Station On 21st October.*

*We Could Experience The Real India Way Of Life . We Saw The Nomadic Sheep Rearers Of Gujarat And Rajasthan Peasents Of Maharashtra And Karnataka Endless Paddy Fields Of Annapoorna Andhra Pradesh Was A Marvellous Site Our Journey Covered Almost 14 States Of India*

*Akshadam Temple At Delhi An Epic Carved On Marble The Lights And Sound Show Arranged At The Courtyard Of The Temple Was Splended .Thousands Of People*

*Who Watched The Show Reached The State Of Enlightenment Because The ShowWe Set Out The Journey From Alleppy Railway Station On 19th October 2018 By  Amritsar _Kochuvelly Express Train,Reached Nizamudin Railway Station On 21st October.*

*We Visited The Samadhistals Of Our Great Leaders We Bowed Down Our Heads Infront Of Rajghat And Paid Homage To Mahatma Gandhi.*

*We Are Eager To Enter In The Parliament Of India, Before Going To The Parliament We Had A Sumptious Food From Andhra House . There Were Strict Security Check ups Before Entering The Parliament We Saw The Loksabha And Parliament Central Hall Parliament Staff Explained To Us The Parliament Proceedings Were Also*

*Fourtunate To Have A Tea From Parliament Canteen.*

*India Gate Birla Mandir KuthabMinar And Humayun Tomp Were Also Visited Out. Next Destination Was Tajmahal ,We Burst Out Of Joy As We Reached In front Of Tajmahal. We Felt That One Day Was Not Enough To Enjoy The Symbol Of Love Carved Out Of White Marble Is Really A Marvellous Wonders Of The World.*

*The Journey Was Very Helpful To Us We Could Get The Glimpses Of India . It Was A Journey By Which We Could Discover The Past And Present India.*

*We Thank Our Parents,Teachers And Our Sponsors.*

*BY*

*ALPHONSE SIR*

## *BEST FRIENDS*

*He made me all my worries*

*He brought a smile to my face*

*He ignored all my faults and short comings*

*And accepted me with so much grace*

*He stood by me when I needed it the most*

*He lifted all my spirits all the time*

*And nothing would be so sweet and special*

*If he wasn't a part of my life*

*I loved his cheerful company*

*I enjoyed the conversations we shard*

*Some word of caution and care*

*His friendship was my guiding light*

*But now I am really missing him*

*" My Best Friend"*

*By,Philomina Teacher*

# പ്രതീക്ഷ

ഓരോ  മാതാപിതാക്കളും എത്ര കഷ്ടപ്പെട്ടാണ് മക്കളെ വളർത്തുന്നത്. നമുക്കുവേണ്ടി അച്ഛനും അമ്മയുമാകുന്ന സ്നേഹം അലിഞ്ഞുതീരുകയാണ്.അവരുടെ സന്തോഷങ്ങൾ മറച്ചുവെച്ചുകൊണ്ട് നമ്മുടെ ദുഃഖങ്ങളിൽ അവർ പങ്കുചേരുന്നു .നമ്മുടെ ഓരോ സങ്കടങ്ങളിലും കഷ്ടപ്പാടുകളിലും ആശ്വാസമായി അച്ഛനും അമ്മയും വരുന്നു.ആ മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹം എത്ര വലുതാണ്.എന്നാൽ നാം ആ സ്നേഹത്തിന് ഒരു വിലയും കൽപ്പിക്കുന്നില്ല .മാതാപിതാക്കൾ  ശകാരിച്ചാൽ നമുക്ക് വേദനിക്കും .എന്നാൽ അവർ ശകാരിക്കുന്നത് മക്കളോടുള്ള സ്നേഹം മൂലമാണ്

നമ്മെ വളർത്തി വലുതാക്കി നമുക്കൊരു  ജോലി ലഭിച്ചുകഴിയുമ്പോൾ നാം നമ്മുടെ മാതാപിതാക്കളെ മറക്കുന്നു .മാതാപിതാക്കളെന്ന വിളക്ക് നമുക്കുവേണ്ടി എരിഞ്ഞുതീരുകയാണ്.എന്നാൽ നാം അതുക്കണ്ടില്ലന്ന് നടിക്കും .ഓരോ മക്കളുടെയും സന്തോഷങ്ങൾക്കു പിന്നിൽ അവരുടെ മാതാപിതാക്കളാണ്നമ്മൾ ജനിച്ചു വീഴുമ്പോൾ മുതൽ തുടങ്ങുന്നതാണ്

*മാതാപിതാക്കളുമായുള്ള ബന്ധം .നമ്മൾ വേറൊരു സുഖം തേടിപ്പോകുമ്പോൾ മാതാപിതാക്കളെ ഒറ്റപ്പെടുത്തുന്നു. അവരുടെ സ്നേഹവും ലാളനയും വേണ്ടെന്നു വയ്ക്കുന്നു .അതിനു ഒരു ഉത്തമ ഉദാഹരണമാണ് നമ്മുടെ നാട്ടിൽ വൃദ്ധസദനങ്ങൾ വർധിക്കുന്നത് .നാം നമ്മുടെ മാഥൃയിതാക്കളെ ഉപേക്ഷിച്ച് വിദേശത്തെക്കോ മറ്റു സ്ഥലങ്ങളിലേക്കോ പോകുന്നു . പക്ഷെ നാം ഒന്നോർക്കണം ;മാതാപിതാക്കളുടെ ജീവിതം മക്കൾക്കായി ഉഴിഞ്ഞു വച്ചതാണെന്നുള്ളത്*

*ഓരോ വൃദ്ധസദനത്തിലെയും മാതാപിതാക്കളെ നോക്കിയാൽ നമ്മുക്ക് കാണാൻ സാധിക്കും അവരുടെ ഹൃദയത്തിലെ ഒരു പുതുനാമ്പ് .എന്നെങ്കിലും തങ്ങളുടെ മക്കൾ അന്വേഷിച്ചു വരുമെന്നുള്ള പ്രതീക്ഷ*

*മെഡോണാ എയ്ഞ്ചൽ .*





## നക്ഷത്രം കഥ പറയുന്ന  രാത്രി

*അതി ശാന്തമായ രാത്രയിൽ ലോകം മുഴവൻ ശാന്തമായി  ഉറങ്ങുന്ന  നേരം ആകാശം മുഴവൻ മുല്ലമുട്ടുകൾ വാരി വിതറിയത് പോലെ മിന്നും നക്ഷത്രങ്ങൾ നിറഞ്ഞുനിൽക്കുന്നു . ആ നേരം എന്റെ മനസ്സ് ഏകാഗ്രമായി എന്തോ ഒന്ന്  ചിന്തിച്ചു കൊണ്ടിരിക്കുന്നു .  ഞാൻ ആ സമയത്തു എന്നെ  നോക്കി മിഴിചിമ്മുന്ന ഒരു നക്ഷത്രത്തെ നോക്കി. അതെന്താണെന്നു എത്ര ഓർത്തിട്ടും മനസ്സിലാകാതെ ഞാൻ ഒറ്റയ്ക്ക് നിൽക്കുന്ന ആ നേരം ആ നക്ഷത്രം പ്രണയാന്ത്രമായി  എന്നെ നോക്കി. അപ്പോൾ അതെന്താണെന്നു എനിക്ക് ഓർമ വന്നു. അതു*

*നീയാണ് യമുന നദിയെക്കാൾ വിശാലമായ മനസ്സുള്ള യമുന. വിശാലമായ ആകാശത്തു നീ താരകങ്ങൾക്കിടയിൽ മിഴിചിമ്മി എന്നെയും നോക്കി നിൽക്കുന്നു അവൾ മന്നിൽ നിന്നും മണ്മറഞ്ഞു പോയി .എന്നാലും മറയാത്ത നക്ഷത്രമായി അവൾ ഇന്നും വാനിൽ നിറഞ്ഞുനിൽക്കുന്നു .മായാത്ത ഓർമയായി അവൾ ഇന്നും മനസ്സിൽ വിങ്ങിനിൽക്കുന്നു . പ്രണയം സത്യമാണ് എന്നതിന് തെളിവാണ് ഞങ്ങളുടെ പ്രണയമാകുന്ന താഴ്വാരത്തെ മനോഹരമാക്കുന്ന നീലക്കുറിഞ്ഞി പൂക്കൾ. നീലക്കുറിഞ്ഞി പൂക്കുവോളം ഞങ്ങൾ ഇരുവരും വേർപാടില്ലാതെ പ്രണയിച്ചു .ഞങ്ങളിരുവരും മനസ്സുകൾ കൊണ്ട് ഒന്നായിരുന്നു . ഞങ്ങളുടെ വീട്ടുകാർക്ക് ഈ*

ബന്ധം ഒരിക്കലും അംഗീകരിക്കാൻ പറ്റാത്ത ഒന്നായിരുന്നു. എന്നാലും ഞങ്ങൾ ഞങ്ങളുടെ സ്നേഹത്തിൽ ഒരു മാറ്റവും വരുത്തിയിരുന്നില്ല . സ്നേഹം എന്ന മഹാശക്തികൊണ്ടു ഞങ്ങൾ അതിനെയൊക്കെ തള്ളിക്കളഞ്ഞു . ഹൃദയത്തിലാണവളെങ്കിൽ മറക്കാം ; പക്ഷെ ,ഹൃദയം അവളിലാണെങ്കിൽ എങ്ങനെ മറക്കാനാവും! വീട്ടുകാരെ വെറുപ്പിക്കാൻ ഞങ്ങൾക്ക് താൽപ്പര്യം ഉണ്ടായിരുന്നില്ല . സ്നേഹം മനസ്സിന്റെ സംഗീതമാണ്,സത്യം മനസ്സിന്റെ വരദാനമാണ്,സ്വപ്നം മനസ്സിന്റെ തേങ്ങലാണ്, എന്നാൽ പ്രണയം മനസ്സിന്റെ ജീവനാണ്; എന്നതുപോലെ ഞങ്ങൾ ഒരു മനസായി രണ്ടായി ജീവിച്ചു. അങ്ങനെയിരിക്കെ അവൾക്ക് മാരകമായ

ഒരസുഖം ബാധിച്ചു. അത് അവളുടെ
ജീവനുതന്നെ ആപത്തായിരുന്നു. ദിവസം
കൂടുന്തോറും അവളുടെ അവസ്ഥ
മോശമായിവന്നു. ഈ വിവരം എന്നെ
വളരെയേറെ അസ്വസ്ഥനാക്കിയിരുന്നു.
അങ്ങനെ അവൾ ഒരു മുറിയിൽ ഓരോ
കട്ടിലിൽ ഒതിങ്ങിക്കൂടി. എന്നും
മഴവില്ലുപോലെ എന്നിൽ
തെളിഞ്ഞുനിന്നിരുന്ന അവൾ മഴവില്ലിപോലെ
തന്നെ എന്നിൽനിന്നും എങ്ങോ
മാഞ്ഞുപോയി . മരിച്ചു പോയ ആളെ
ആകാശത്തു നക്ഷത്രമായി കാണും
എന്നായിരുന്നു എന്റെ വിശ്വാസം.
അപ്പോഴാണ് ഞാൻ ഓർത്തതു "എന്നെ
നോക്കി കൺചിമ്മിയ ആ നക്ഷത്രം അത്
അവളായിരുന്നുയെന്നു BY ANSELINA
XAVIER

# ഈ ഭൂമിയെ കൊല്ലരുതേ

മനുഷ്യ നീ എന്തിനീ ക്രൂരത ചെയ്തു
മലിനമായ വഴികൾ
നിരത്തുകളാകെ ചപ്പുചവറുകൾ
ഇനിയും ഈ ഭൂമിയെ കൊന്നു തീർന്നില്ലേ
ഇനിയും എന്തിനാണീ ക്രൂരത
കാറ്റു പോലും വീർപ്പാടക്കി
തിങ്ങി നിൽക്കും ഓരോ നാളുകളും
ദിനം തോറും തുടരുമീ പ്രവണതകൾ
മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന
യുദ്ധമൊയിത്?
ഇനിയെങ്കിലും ഇത് നിർത്തു
പ്രകൃതിരമണിയതനശിപ്പിക്കരുതേ
ഈ ഭൂമിയെ കൊല്ലരുതേ

by
Shaimol s
x A



© Can Stock Photo - csp11835107



# പ്രളയം

ഡാം എന്ന മഹാസാഗരം തുറന്നപ്പോൾ
ഉണ്ടായ പ്രളയം
അതിൽ നാശനഷ്ടങ്ങൾ ഏറെയായ
വീടുകളും മൃഗങ്ങളും ഒന്നായി
നശിച്ചു
മനുഷ്യൻ ഒറ്റക്കെട്ടായി  നിന്നു
ജാതി-മത ഭേതമില്ലാതെ
മത്സ്യത്തൊഴിലാളികളും സേനകളും
ഒന്നിച്ചു കഠിനാധ്വാനം ചെയ്തു
കേരളം മക്കളെ രക്ഷിച്ചു
ആശ്രയങ്ങൾക്കായ് ക്യാമ്പുകൾ
തുറന്നു
നാടെങ്ങും ഒത്തൊരുമയോടെ
സഹായസഹകരണങ്ങൾ നീട്ടി
കേരള ജനത പുത്തൻ ഉണർവോടെ
അതിജീവനത്തിൻ  പാതയിൽ

**BY**
**SHIHABUDEEN**

***X B***

*23*

# <u>Poverty in India</u>

Changing Trends

poverty has been the basic socioeconomic problem faced by India during the last century. Now it is the most important social issue. The main trust of Economic policies and planning of India during the post independence period has been acheiving rapid economic development and reducing poverty. Since early 1970 a large number of poverty aleviation programmes were implemented in the country at urban and rural levels to reduce poverty. Poverty alleviation schemes occupied the thrust areas in programme

of the last decades of present century.

Poverty line serve as a cut off line for seperating the poor from the non poor

Due to the lack of ownership of productive assets like land ,little employment opportunities outside agriculture, seasonal nature of agricultural employment  dominance of illiterate and unskilled workers petty production and service activities in rural areas low wage rate etc, the incidents of poverty was high in rural areas. And in cities and in towns the poor people were forced to live in slum areas where facilities for a healthy life are need for poor housing lack of toilet facilities , wast disposal facilities availability of other public utilities and healthy polluted environment are the problems faced by the people in slum  areas

The central ant state government have been implementing a number of poverty alleviation schemes to reduce

poverty. Major are mahatma gandhi NERGA, the national food security act, Aam Aadmi bima yojana (AABY), modal school scheme (MSS), rural housing . Indira a was yojana (IAY) etc.A number of poverty alleviation, employment generation and welfare pension scheme for urban

and rural poor have also contributed to the reduction in poverty . This point out the need to give more focus for poverty reduction in economic policies ant planning of the country

by

Neha Marium Vincent



10 A

# പ്രകൃതിയുടെ രോദനം

ഓർക്കു മനുഷ്യരെ
പ്രകൃതിയുടെ രോദനം
പ്രകൃതിയുടെ തിരിച്ചടി
നാം ചെയ്യുന്ന ദ്രോഹങ്ങൾക്കു
പ്രകൃതി തന്നു: മഹാപ്രളയം...............
വീടുകൾ, നടവഴികൾ, ആരാധനാലങ്ങൾ തുടങ്ങി-
യവയെല്ലാം പ്രളയജലത്താൽ നിറഞ്ഞു
വിദ്യാലയങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളായി
സമ്പത്തെല്ലാം നഷ്ടമായി,
ധാരാളം ജീവനും
നടവഴികളും പൊതുസ്ഥലങ്ങളും
ജനങ്ങളില്ലാതെ ശൂന്യമായി
അവരെല്ലാവരും, വീടുകൾ നഷ്ട്ടപ്പെട്ടു
ലക്ഷ്യസ്ഥാനമില്ലാതെ പാഞ്ഞു
രക്ഷാപ്രവർത്തകർ ധാരാളമെത്തി
അവരെ രക്ഷിക്കാൻ.
ആഴിയിൽ പോകുന്ന വള്ളങ്ങൾ
ദിശയറിയാതെ കിഴക്കോട്ടുപോയി.
മലയാളികളെ രക്ഷിക്കാൻ
എന്നിട്ടും മനുഷ്യരെ,
നാം എന്തിന് പ്രകൃതിയെ ദ്രോഹിക്കുന്നു.
നാം എന്തെ കേൾക്കാത്തത്;
നമ്മുടെ അമ്മയായ പ്രകൃതിയുടെ രോദനം

**by , Medona Angle**



# സമ്മാനം

ഒരിടത്തൊരിടത്തു അപ്പു എന്നൊരു കുട്ടിയുണ്ടായിരുന്നു .അവന്റെ വീട് കാടിനടുത്തായിരുന്നു .അവന്റെ 'അമ്മ അസുഖം ബാധിച്ചു കിടപ്പിലായിരുന്നു .ഒരു ദിവസം അപ്പു സങ്കടപ്പെട്ടു കാട്ടിലൂടെ നടക്കുകയായിരുന്നു .അവൻ ഒരു കരചിൽ കേട്ടു .അവൻ ഓടിചെന്നു നോക്കിയപ്പോൾ ഒരു കുട്ടി കരയുന്നതു കണ്ടു .അവൻ ഒരു കുഴിയിൽ വീണുകിടക്കുകയായിരുന്നു .അപ്പു അവനെ കുഴിയിൽ നിന്നും രക്ഷിച്ചു .അപ്പു ആ കുട്ടിയോട് പേര് ചോദിച്ചു .അവന്റെ പേര് കുഞ്ഞുഉണ്ണി  എന്നാണ് .അവൻ ആ കുട്ടിയോട് കൂട്ടുകൂടി കളിച്ചു ചിരിച്ചു നടന്നു .കുഞ്ഞുണ്ണി  മരത്തിൽ കയറി പഴങ്ങൾ പറിച്ചു അപ്പുവിന് കൊടുത്തു .

പെട്ടെന്ന് ഒരു വനദേവത അവരുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു .വനദേവത കുട്ടികളോട് പറഞ്ഞു .'നിങ്ങൾ നല്ലവരാണു .നിങ്ങൾക്ക് എന്ത് സമ്മാനമാണ് വേണ്ടത് ?'അപ്പോൾ കുഞ്ഞുണ്ണി പറഞ്ഞു .'അപ്പുവിന്റെ അമ്മയുടെ അസുഖം മാറ്റി നല്ല ആരോഗ്യം കൊടുക്കണം '.അപ്പോൾ അപ്പു പറഞ്ഞു

.'കുഞ്ഞുണ്ണിക്ക് വീടില്ല .അവന് നല്ല വീട് നൽകണം .'അപ്പോൾ വനദേവത മന്ത്രവടി നീട്ടി അവരെ അനുഗ്രഹിച്ചു .അവരുടെ ആഗ്രഹം സാധിച്ചുകൊടുത്തു .അവർക്ക് വളരെ സന്തോഷമായി .ഇതാണ് അവർക്ക് കിട്ടിയ സമ്മാനം ..

lovely joseph k .l 3 A



# *Importance of discipline in student's life*

*As we all are students we need discipline in our life . From everyone's discipline and action we can judge what kind of person is he or she .*

*Everyone knows that discipline is the most important thing in our life .But truth is that no one knows what is discipline ? It is everything we can do in the right way in right time . Discipline is being obedient and have self-controlled behaviour to follow orders of proper authority. It is need in every walk of life .*

*Discipline is the act of following rules and regulations . We need discipline in everything we do in our life . We want to obey*

*the order of our parent and teacher to successful in our life. We should get up in morning , we want drink water and go to brush our teeth ,take bath and then take our healthy breakfast . We should do our homework in clean and neat at right time . We must study our lessons in daily .We shouldgo to school at right time and in proper uniform . In classroom ,we should do our work according to teacher's order . We should have a Good handwritting as a stage of discipline .*

*We should not misbehave with teachers. We should behave well with all in school and home . No one can live without discipline .we can acihvie e our goals only if we have discipline .so we must obey our parents and teachers for achiving success in our life.*

*BY, AMANTA ANTONY*
*VIII A*



# ഓട്ടോക്കാരന്റെ 'അമ്മ

മാമ്പൂ മാമ്പഴം ആകാൻ വിതുമ്പി നിൽക്കുന്ന ആ ഋതു റാഹേൽ വല്ല്യമ്മയ്ക്ക് വളരെ ഇഷ്ട്ടമാണ് .എന്നാൽ ഇന്ന് വിരിയും മുൻപേ കൊഴിയുന്ന പൂവിൻ ഇതൾ പോലെയും മാമ്പഴമാകാൻ കൊതിച്ചിട്ടും അടർന്നു വീണ മാമ്പൂ പോലെയുമാണ് ആ 'അമ്മയുടെ ഇഷ്ട്ടങ്ങളും അഗ്രഹങ്ങളും .എന്നിട്ടും അവിടം വിട്ട് എങ്ങോട്ടോ ദൃതിയിൽ പുറപ്പെടുകയാണ് റാഹേൽവല്ല്യമ്മ ,ഓട്ടോക്കാരൻ മത്തായിച്ചന്റെ 'അമ്മയാണ്.വാർദ്ധക്യത്തിന്റെ അവശത അവരെ നടത്തത്തിൽ പിന്നോട്ടുവലിച്ചു .പാവം !വളരെ പ്രയാസപ്പെട്ടാണ് ഓരോ ചുവടും മുന്നോട്ടുവെയ്ക്കുന്നത് .മകൻ ഓട്ടോക്കാരനാണെന്നു പറഞ്ഞിട്ടു എന്തുകാര്യം !മകന് ആ 'അമ്മ കുറച്ചിലാണ്.തങ്ങൾ സാംസ്കാരസമ്പന്നരാണെന്ന മിഥ്യാധാരണ അവരെ ഒരിക്കൽ താഴേയിടാനായി

ഉയർത്തികൊണ്ടുവന്നു . അങ്ങനെഴുള്ള അവനാണ്
അമ്മയോട് ഇത്രപുച്ഛം! മകന് താനൊരു ബാധിതയാകുന്നു
തന്നെ അവന് വേണ്ട അവനുതാൻ ഒരു അധികപ്പറ്റാണ്
എന്ന് മകൻ 'അമ്മയ്ക്ക് പറഞ്ഞുനൽകിയ യാതാർഥ്യങ്ങൾ !
മകൻതന്ന അറിവുകൾ തനികൊരു മുന്നറിയുപ്പുകൂടിയാണ് .!
അതുകൊണ്ടാണ് അവന് ബാധ്യതയാകാതെ അവന്റെ
ജീവിതത്തിൽ നിന്നും ഈ ഒളിച്ചോട്ടം .കാലിലെ മണ്ണ്
തട്ടിക്കളയുന്ന ലാഘവത്തോടെയാണ് മക്കൾ
മാതാപിതാക്കളെ  വൃദ്ധസദനങ്ങളില് ഉപേക്ഷിക്കുന്നത് !
മാതാപിതാക്കളെ  ഉപേക്ഷിക്കാനുള്ള  ഒരിടം , വൃദ്ധസദനം
!!!അവിടേയ്ക്കാണ്  ഈ അമ്മയുടെയും യാത്ര ...

മകനുവേണ്ടി

അധ്വാനിച്ചു ശോഷിച്ച ,വെറും എല്ലും തോലുംമായ  ആ
കരങ്ങൾ പല ഓട്ടോയ്ക്ക് മുന്നിലും നീട്ടിയെങ്കിലും
അവരെല്ലാം ആ  കരങ്ങളെ  അവഗണിച്ചു .പാവങ്ങൾ !
തന്റെ കയ്യിൽ ഒന്നുമില്ല തരാൻ ഒന്നുമില്ല
എന്നുകരുതിയാവാം അവർ തന്നെ ഈ അവസരത്തിലും
ഒഴിവാക്കുന്നത് .വേദനകടിച്ചമർത്താൻ ശ്രമിച്ചുകൊണ്ട് ആ
'അമ്മ തന്റെ മനസിനെ സാന്ത്വനപെടുതതി .പിഞ്ചിപോയ
പേഴ്സിനുള്ളിൽ അഴുക്കുപുരണ്ട ,നാറുന്ന
നോട്ടുകളാണുള്ളത് ,ആ അമ്മയുടെ അധ്വാനത്തിന്റെ

ബാക്കിപത്രം .അഞ്ചുറുരൂപ തികച്ചില്ല ആ
പേഴ്സിനുള്ളിൽ !ആകെ സമ്പാദ്യമായ മകനുമില്ല !
മകനുവേണ്ടി ധാരാളം നടന്ന ,കനല്വഴികള് താണ്ടി
വിണ്ടുകീറിയ ആ പാദങ്ങൾ ഭൂമിദേവിയെ
വേദനിപ്പിക്കാതെ
വളരെ പ്രയാസപ്പെട്ടു മുന്നോട്ടുനടന്നു .ആ അമ്മഹൃദയം
കുന്തത്താൽകുത്തി മുറിവേല്പിക്കപ്പെടുന്നു .ഒരു
ചോദ്യചിഹ്നമായി ആ അമ്മ ???

By, Anaswara Joseph 9 A



# മയിലമ്മ



കുന്നിൻമുകളിൽ നൃത്തം ചെയ്യും
സുന്ദരിയായൊരു മയിലമ്മ
പീലി വിടർത്തി നൃത്തം ചെയ്യും
സുന്ദരിയായൊരു മയിലമ്മ
മഴവില്ലിന്റെ നിറങ്ങളുമേന്തി
ഭംഗിയുണർത്തും മയിലമ്മ
സുന്ദരിയായൊരു മയിലമ്മ
നമ്മുടെ സ്വന്തം മയിലമ്മ

*ഐശ്വര്യ സിറ്റ്സ്*

# മാരിവില്ല്



*മാനത്തെ വർണക്കൊട്ടാരമെ*
*മാരിവില്ലേ*
*നക്ഷത്രക്കൂട്ടിൽ  മാമലമേട്ടിൽ*
*പാർക്കുന്ന  മാരിവില്ലേ*
*പുതുമഴ തൻ സന്ദേശമായി*
*ആകാശം നിറയും മഴവില്ലേ*
*ഏഴുവർണ  ചായങ്ങൾ പൂശി*
*ഏഴുനില കൊട്ടാരം കെട്ടി*
*മാനത്തൊലിയും  മാരിവില്ലേ*

*by, Harsha Jackson*

# കിരീട കൊട്ടാരം





ഞാനൊരു ദുഃഖപാനപാത്രം
മുഗൾ സാമ്രാജ്യത്തിന്റെ നൊമ്പരം !
എന്തേ പ്രിയേ പിരിഞ്ഞു നീ എന്നെ
ഇനി എന്ന് നിൻ പ്രണയം തിരികെ ?
എവിടെ പ്രിയേ നിന്റെ നയനങ്ങൾ
നീ കാണുന്നുവോ എന്റെ വിരഹസ്മാരകം .
നിൻ വിരഹം അറിഞ്ഞവൻ ഞാൻ
പ്രിയേ ,എൻ മുംതാസ് മഹ്ലെ ....
എത്ര രാവും പകലും തിരയേണം ഞാൻ





നിന്നെ തിരികെ ലഭിക്കാൻ ?
യമുനാനദിജലം എൻ ഹൃദയരക്തം
താജ്മഹാലോ എൻ ഹൃദയം .
യമുനാതൻ തീരത്തു വീശുന്ന
ഇളംകാറ്റിൻ മൗനമേ ...........
കണ്ടുവോ നീ എന്റെ പ്രാണനെ
എന്നെ പിരിഞ്ഞ ഒരു അഴകിനെ .
കനവല്ല അവൾ കിനാവാണ്
എന്റെ കിനാവിലും അകലെ എവിടയോ?
സ്വർഗ്ഗത്തിലാണെങ്കിൽ ഭൂമിയിൽ ഉയർന്നു -
നിൽക്കും എന്റെ പ്രണയത്തെ നീ കാണുന്നുവോ ?





മാർബിളല്ല പ്രിയേ ഇതെൻ കണ്ണുനീര്
ഇതിന് വെണ്മയല്ല പ്രിയേ വിരഹമാണ് .
ഇന്നിതാ തെല്ലൊരാശ്വാസം പ്രിയേ
നിൻ കബറിടത്തിനരികിൽ
ഒരു കബറിടത്തിലായതിൽ .......
മൃത്യു പിരിച്ച നമ്മുടെ പ്രണയത്തെ
മൃത്യു ചേർത്തിന്നിതാ ഒന്നാക്കി
ഇത് ശവകുടീരമോ പ്രണയസ്മാരകമോ അല്ല
പ്രണയിക്കും ആത്മാക്കൾ തൻ ആലയം കേവലം

By George Mary Say 9A

# **GOD,MY HEAVENLY FATHER**

*I pray to you oh God*
*when there is sadness*
*when there is no hope*
*I pray to you oh Lord*

*Hear my words oh Lord*
*and share your peace to me.*
*I have only you to pray*
*when my heart is in dismay*

*For you are my strength*
*you are my happiness*
*you are the king of my life*
*oh! my heavenly father*

*by*
*LENA GRACE. K.L*

# കടലിലെ മുത്തുകൾ

ഇരുൾ മൂടിയ ഒരു പ്രഭാതം കറുത്തിരുണ്ട കാർമേഘങ്ങൾ മൂടിയ ആകാശം മഴ ചെറുതായി ചാറുന്നുണ്ടായിരുന്നു എന്നാൽതന്നെയും സാഹചര്യം ഒട്ടുംതന്നെ ഗുരുതരമല്ലായിരുന്നു ഡാം തുറന്നുവിട്ടതിനാൽ പുഴയും തോടും ഒക്കെ കവിഞ്ഞൊഴുകി വെള്ളം ഇരച്ചുപായുന്ന കാഴ്ചകളാണ് രാവിലെമുതൽ ടീവിയിൽ കാണുന്നത് എല്ലായിടത്തും മനുഷ്യൻ സ്വന്തംജീവനുംകൊണ്ട് നെട്ടോട്ടമോടുന്നു മനസ്സിനെ നൊമ്പരപ്പെടുത്തുന്ന ആ കാഴ്ചകൾ കാണവേ ദൈവമേ എല്ലാവരേയും കാത്തുരക്ഷിക്കണമേ എന്നൊരു പ്രാർത്ഥനയാണ് മനസ്സിൽ ഉയർന്നത് വളരെ പെട്ടന്നാണ് അതു സംഭവിച്ചത് കുത്തിയൊലിച്ചെത്തിയ പ്രളയജലം വീടിന്റെ നാലുപാടും നിറഞ്ഞുപൊങ്ങി മൂന്നുമാസം പ്രായമായ രണ്ട് ഇരട്ടക്കുഞ്ഞുങ്ങളെ മാറോടുചേർത്തുപിടിച്ച് ആ അമ്മ വീടിനകത്തുകിടന്ന് രക്ഷിക്കണമേയെന്ന്കരഞ്ഞു വിളിച്ചു ഭർത്താവ് നഷ്ടപ്പെട്ട ആ സ്ത്രീ ഇത്തരം ഒരു

പ്രതിസന്ധി കൂടി തരണം ചെയ്യേണ്ടിവരും എന്ന് ഒരിക്കൽപോലും ചിന്തിച്ചിരുന്നില്ല യാതൊരറിയിപ്പുമില്ലാതെ ഇരച്ചുവന്ന ആ വെള്ളത്തിന് നടുവിൽ തന്റെ പൊന്നോമനകളുമായ് ആ അമ്മ നിലവിളിച്ചു മച്ചുള്ള ഒരു പഴയ വീടായതിനാൽ പ്രാണരക്ഷാർത്ഥം ആ അമ്മ തന്റെ മക്കളെയും കൊണ്ട് എലികളും പ്രാണികളും ഒക്കെനിറഞ്ഞ ആ തട്ടുമ്പുറത്തു കേറിയിരുന്നുപേടിച് നിലവിളിക്കുന്ന മൂന്നുമനുഷ്യജന്മങ്ങൾ ആ അമ്മ ആത്മസംയമനം പാലിച് വാവിട്ടുകരയുന്ന തന്റെമക്കളേ പാലുകൊടുത്തുറക്കി ആരും സഹായത്തിനെത്താതെ ആ അമ്മയും മക്കളും പേടിച്ചു വിറച്ചവിടെ ഇരുന്നു വെള്ളം മുകളിലേക്കുയർന്നുകൊണ്ടിരുന്നു പിറ്റേന്നുനേരം പുലർന്നപ്പോൾ മഴശമിച്ചു എന്നാൽ ജലനിരപ്പ് ഉയർന്നുകൊണ്ടേയിരുന്നു ആ അമ്മ വീടിന്റെ ഓടുകൾ ഇളക്കിമാറ്റി ഒരു സഹായത്തിനായി ചുറ്റും നോക്കി എന്നാൽ നിരാശയായിരുന്നു ഫലം കുറേ നേരത്തിന് ശേഷം കുറെ മനുഷ്യരുടെ ശബ്ദം ആ

അമ്മ കേട്ടു അവർ മുകളിലേക്ക് എഴുന്നേറ്റു
നോക്കിയപ്പോൾ കുറേ മനുഷ്യരുടെ ശബ്ദം ആ
അമ്മ കേട്ടു അവർ മുകളിലേക്ക് എഴുന്നേറ്റു
നോക്കിയപ്പോൾ കുറെ ജീവനുകൾ രക്ഷിച്ച് ഒരു
ഫൈബർബോട്ടിൽ വരുന്ന കുറെ ധീരന്മാരെയാണ്
കുറെ പച്ചയായമനുഷ്യൻ മത്സ്യത്തൊഴിലാളികൾ
പ്രളയജലം മുക്കിക്കൊല്ലറായ ആ മൂന്ന്
ജീവനുകൾക്കു കടലിന്റെമക്കൾ ജീവന്റെ പുതിയ
തീരം കാണിച്ചുകൊടുത്തു കയ്യിൽപങ്കായമെന്തിയ
കടലിന്റെ മുത്തുകൾ അവർക്കു തിരിച്ചുനൽകിയ
ജീവിതത്തിനുപകരം എത്ര വിലപിടിച്ച
പൊൻമുത്തുകൾ കൊടുത്താലാണ് പകരമാകുന്നത്
എന്നറിയാതെ ആ അമ്മ നിറകണ്ണുകളോടെ
കൈകൾകൂപ്പിനിന്നു .

by
Dona maria sebastian

# ടുട്ടുവും എലികളും

ടുട്ടു ഒരു മടിയൻ പൂച്ചയായിരുന്നു
വീട്ടുകാർകൊടുക്കുന്ന പാലും മറ്റും കുടിച്ചിട്ട് അവൻ
സുഖമായി കിടന്നുറങ്ങും ഒരു ദിവസം രണ്ട്
എലിക്കുട്ടന്മാർ അതുവഴിവന്നു  ഈ സമയം ടുട്ടു
നല്ല ഉറക്കമായിരുന്നു ആദ്യം എലികൾ ടുട്ടുവിനെ
കണ്ടു പേടിച്ചു പക്ഷെ അവൻ നല്ല
ഉറക്കമാണെന്നുകണ്ട് എലികളിലൊരാൾപറഞ്ഞു
"ഈ പൂച്ച ഒരു മടിയനാണ് പേടിക്കണ്ട "ഇത്
കേട്ടാണ് ടുട്ടു ഉണരുന്നത് ഹമ്പടാ! എല്ലാവരും
എന്നെ കളിയാക്കുന്നു ഇനി ഞാൻ
മടിപിടിച്ചിരിക്കില്ല ടുട്ടു ചാടി എഴുന്നേറ്റ് ഒച്ചവെച്ചു
ങ്യാവൂ !ഇതു കേട്ട എലികൾ ജീവനും കൊണ്ട്
പാഞ്ഞു പിന്നീട് ടുട്ടു മടിപിടിച്ചു ഇരുന്നട്ടേയില്ല

**by** *Gokul V.s*


# ജീവന്റെ വില

ഒരു ബിസിനസുകാരനാണ് അഖിൽ. ഒരു ഗൃഹനാഥനുമാണ്. ഭാര്യാ നിമിഷ. ഒരു മകളുണ്ട് അശ്വതി. പണവും പ്രശസ്തിയും ആവശ്യത്തിലേറെയുണ്ട്. ഒരു ബുദ്ധിമുട്ടും കഷ്ടപ്പാടും അറിയാതെയുള്ള ജീവിതമായിരുന്നു ഇവരുടേത്. കാറും വലിയ ബംഗ്ലാവുമൊക്കെയായി ഒരാഡംബര ജീവിതം. പെട്ടന്നാണ് അത് സംഭവിച്ചത്. അഖിലിന് പെട്ടെന്നൊരു താഴ്ചയുണ്ടായി. ബിസിനസ്സ് പതുക്കെ പതുക്കെ തകർന്നു. ബംഗ്ലാവും കാറും സ്വത്തും എല്ലാം പതുക്കെ പതുക്കെ നഷ്ട്ടപ്പെട്ടു തുടങ്ങി. ആ കുടുംബത്തിന്റെ സ്വസ്തതയും സമാധാനവും നഷ്ടമായി. എല്ലാം നഷ്ട്ടമായ അവർക്ക് ഒരു വാടകവീട്ടിലേക്കു മാറേണ്ടി വന്നു. ഈ തകർച്ച അഖിലിനെ മാനസികമായി തളർത്തി. അതു അഖിലിനെ മദ്യപാനത്തിലേക്കു നയിച്ചു. പണം വീട്ടാവശ്യങ്ങൾക്കു പോലും ഇല്ല. എന്നാൽ മദ്യപാനത്തിനായി അഖിൽ പണം കണ്ടെത്തി. എല്ലാ ദിവസവും മദ്യപിക്കാൻ തുടങ്ങി. ഇവരുടെ ഈ അവസ്ഥാ അവരുടെ വീട്ടുകാരോട് പോലും പറയാൻപറ്റില്ല. കാരണം ഇവരുടേത് പ്രണയവിവാഹമായിരുന്നു. വീട്ടുകാരെ വെറുപ്പിച്ചു വീട്ടിൽനിന്നും ഇറങ്ങിപ്പോന്നതാണ്. അവരോട് ഈ അവസ്ഥാ പറയാൻ നിമിഷക്കും തോന്നിയില്ല. ഇപ്പോൾ ഒരു ചെറിയ ജോലി ആണ് അഖിൽ ചെയ്യുന്നതു. തുച്ഛമായ വരുമാനം. അതുകൊണ്ട് ഒന്നും ആകാറില്ല. എന്നാലും മദ്യത്തിനുള്ള പണം അഖിൽ കണ്ടെത്തുമായിരുന്നു. അവൻ അറിയാതെ

തന്നെ അവനെ ക്യാൻസറെന്ന മാരക രോഗം പിടികൂടി. പെട്ടന്നൊരു ദിവസം ജോലിസ്ഥലത്തുവച്ചു ചോര ഛർദിച്ചു. എന്നാൽ അവൻ അതാരോടും പറഞ്ഞില്ല. ഒളിപ്പിച്ചുവെച്ചു. രണ്ടു മൂന്ന് തവണ പല സ്ഥലങ്ങളിലായ് ഇതാവർത്തിച്ചു . എന്നിട്ടും പറഞ്ഞില്ല. ഒരു ദിവസം വീട്ടിൽ വച്ച് ഇങ്ങനെയുണ്ടായപ്പോൾ നിമിഷ ഇതു കണ്ടു. അഖിൽ തളർന്നു വീണു. ആശുപത്രിയിലായി. ഉടൻതന്നെ കിഡ്നി മാറ്റിവെച്ചില്ലെങ്കിൽ അഖിലിന്റെ ജീവൻ രക്ഷപെടുത്താൻ കഴിയില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. ഡോണറിനുവേണ്ടി നിമിഷ അലഞ്ഞു. അവസാനം ഡോണറിനെ കിട്ടി. ഒപ്പറേഷൻ നടന്നു. പക്ഷെ ഡോണറിനെ കിട്ടാൻ താമസിച്ചതുമൂലം അഖിലിന്റെ ജീവൻ രക്ഷിക്കാനായില്ല. അഖിൽ ഈ ലോകത്തോട് വിടപറഞ്ഞു. ബിസിനസ് തകർന്നതിനെ തുടർന്നാണ് അഖിൽ മദ്യപിക്കാൻ തുടങ്ങിയത്. ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ അതിനെ ധൈര്യ പൂർവ്വം നേരിട്ട് മറികടക്കുകയാണ് വേണ്ടത്. അല്ലാതെ മദ്യത്തിനും മയക്കുമരുന്നിനുമടിമായി ജീവൻ നഷ്ടപെടുത്തുകയല്ല വേണ്ടത്. മദ്യവും മയക്കുമരുന്നും നമ്മുടെ ജീവൻ ഇല്ലാതെയാക്കുന്നു

by
shivani.m.biju
10A

# തുള്ളി മഴ



മഴ മഴ മഴ മഴ തുള്ളി മഴ

കാററില് വീശും തുള്ളി മഴ

മഴപെയ്യുമ്പോൾ മിന്നൽ വരും

മഴപെയ്യുമ്പോൾ ഇടിക്കുടുങ്ങും

ചറപറ ചറപറ ശബ്ദങ്ങൾ

ചിൽ ചിൽ എന്ന്പെയ്യുന്നു


മുറ്റം മുഴുവൻ മഴ വെള്ളം


മാക്രോം മാക്രോം തവളകൾ

മാക്രോം മാക്രോം തവളകൾ

മഴ മഴ മഴ മഴ തുള്ളി മഴ

***കാറ്റിൽ വീശും തുള്ളിമഴ***


BY NIKHIL PP


BY, NIKHIL P P


BY,SHARON
XAVIER
IX A




BY JOSHUA P. V 10 A




BY JOSHUA P. V 10 A



BY JOSHUA P.V 10 A



BY JOSHUA P.V 10 A



BY AKSHAY V.J 10A


NON
STOP
ADVENTURE
OUR FOOTBALL TEAM

# INNAGURATION OF R O PLANT BY COLLECTOR




സെന്റ് തോമസ് ഹൈസ്കൂൾ, തുമ്പോളി
108–ാമത്
വാർഷികാഘോഷവും
യാത്രയയപ്പ് സമ്മേളനവും
2019 ജനുവരി 10,11 തീയതികളിൽ
ഉദ്ഘാടനം: കുമാരി മീനാക്ഷി രവീന്ദ്രൻ
വിശിഷ്ടാതിഥി: ശ്രീ. ആസാദ് സി.ഡി (AEO)
ശ്രീമതി ഷീല എസ്
ശ്രീമതി ഗ്രിസിൽഡ കെ.സേവ്യർ
കുമാരി മീനാക്ഷി രവീന്ദ്രൻ


സെന്റ് തോമസ് ഹൈസ്കൂൾ, തുമ്പോളി
108-ാമത്
വാർഷികാഘോഷവും
യാത്രയയപ്പ് സമ്മേളനവും
2019 ജനുവരി 10,11 തീയതികളിൽ
ഉദ്ഘാടനം: കുമാരി മീനാക്ഷി രവീന്ദ്രൻ
വിശിഷ്ടാതിഥി: ശ്രീ. ആസാദ് സി.ഡി (AEO)
ശ്രീമതി ഷീല എസ്
കുമാരി മീനാക്ഷി രവീന്ദ്രൻ

# STUDY TOUR



# CHILDRENS DAY CELEBRATION



# FLOOD RELIEF BY NALLAPADAM



# SPORTS DAY INNAGURATION






മലയാള മനോരമ
നല്ല
പാ
കുട്ടികൾ പുഞ്ചിരിക്കുന്ന കേരളം

# OUR LITTLE KITE CLUB



# നന്ദി

ഈ ആരാമത്തെ  ഇത്രയും

നയനമനോഹരമാക്കിത്തീർക്കാൻ

സഹകരിക്കുകയും സഹായിക്കുകയും

ചെയ്ത എല്ലാവർക്കും നന്ദിയുടെ

നറുമലരുകൾ അർപ്പിച്ചു കൊള്ളുന്നു

സാലി എം ജോസഫ്

*മിനി ഡി*

# ST.THOMAS CHURCH THUMPOLY

